ഭൂമികേരളം പദ്ധതി

227 (1284) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി കേരളം പദ്ധതി നടപ്പാക്കുന്നതിന് രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നാളിതുവരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഏതെല്ലാം പദ്ധതി നടപ്പാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയത് ; ഓരോ പദ്ധതിയും എന്ന് തുടങ്ങി എന്ന് അവസാനിപ്പിക്കണം എന്നാണ് നിർദ്ദേശം നൽകിയതെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വകയിരുത്തിയെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുകയിൽ 2014 ഒക്ടോബർ വരെ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര പദ്ധതികളുടെ എത്ര രൂപ വകമാറ്റി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിനായി 30-10-2014-വരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ റീ-സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 5.55 കോടി രൂപയും എൻ.എൽ.ആർ.എം.പി. പദ്ധതിക്കായി 13.19 കോടി രൂപയും വനാവകാശ സർവ്വേയ്ക്കായി 1.33 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയിരുന്നത് :

1. സംസ്ഥാനത്തിന്റെ റീ-സർവ്വേ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുക.
2. സർക്കാർ ഭൂമികളുടെ റിക്കാർഡുകൾ നാളതീകരിക്കുക.
3. ഏകദേശം 27,000 ഹെക്ടറുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുക.
4. എൻ.എൽ.ആർ.എം.പി. സ്കീമിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ സർവ്വേ പൂർത്തിയാക്കുക.
5. ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശ ഭൂമി അളന്നുതിട്ടപ്പെടുത്തി അധികമായി കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി കണ്ടെത്തുക.

LIBRARY ARCHIVES Kerala Legislative Assembly

6. പൊതു കാര്യങ്ങൾക്കായുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്നതുമായ പ്രത്യേക പദ്ധതികളുടെ സർവ്വേ ജോലികൾ ചെയ്യുക.

മുകളിൽ പറഞ്ഞിരിക്കുന്നവയിൽ 2 മുതൽ 6 വരെയുള്ള പദ്ധതികൾക്ക് പ്രത്യേക സമയപരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയും ആദിവാസി ഭൂമി സർവ്വേ പ്രവർത്തനങ്ങൾക്കായി 1,86,68,143 രൂപയും എൻ.എൽ.ആർ.എം.പി. പ്രവർത്തനങ്ങൾക്കായി ആകെ 39,69,51,243 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയിൽ 4.08 കോടി രൂപ ചെലവഴിച്ചു. ആദിവാസി ഭൂമി സംബന്ധമായ സർവ്വെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 1,86,68,143 രൂപയിൽ 1,33,29,793 രൂപ ചെലവഴിച്ചു. എൻ.എൽ.ആർ.എം.പി. പദ്ധതിക്കായി അനുവദിച്ച 39.70 കോടി രൂപയിൽ 13.19 കോടി രൂപ ചെലവഴിച്ചു.

(ഡി) മിഷന്റെ റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നൽകിയിരുന്ന 5.55 കോടി രൂപയിൽ 1,44,971 രൂപ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തുന്നതിനായുള്ള സർവ്വേ സംബന്ധമായ ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

ഭൂരഹിത കേരളം പദ്ധതി

228 (1285) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത കേരളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം നൽകാമോ ;

(ബി) സംസ്ഥാനത്തെ മൊത്തം ഭൂരഹിതരുടെ കണക്ക് ലഭ്യമാണോ ; ആണെങ്കിൽ ഭൂരഹിതരുടെ എണ്ണം എത്രയാണെന്നും, എത്ര പേർക്ക് ഇതേ വരെ ഭൂമി നല്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഭൂരഹിതർക്ക് നല്കാൻ ഭൂമി ലഭ്യമാക്കുക എന്ന ഉദ്ദേശത്തിൽ, ഭൂപരിഷ്കരണ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഈ ആവശ്യത്തിന് കൂടുതൽ ഭൂമി ലഭ്യമാക്കാനായിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly